പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 553 02/12/2014- ലെ മറുപടിക്ക്

## കോൺട്രാക്ടർമാർക്ക് പ്രത്യേകമായി നികുതിയിളവ്

| ചോദ്യം<br>ശ്രീ. കെ.കെ.ലതിക | | ഉത്തരം<br>ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവന നിർമ്മാണവും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നിർമ്മാണ പ്രവർത്തനത്തിൽ ഏർപ്പെടുന്ന കോൺട്രാക്ടർമാർക്ക് നൽകുന്ന നികുതി ഇളവുകൾ എന്തെല്ലാമാണ്? | (എ) | കോൺട്രാക്ടർമാരുടെ നിലവിലുണ്ടായിരുന്ന കോമ്പൗണ്ടിംഗ് നികുതി ഘടനയിൽ കേരള ധനകാര്യ നിയമം 2014 പ്രകാരം ഭേദഗതി വരുത്തുകയുണ്ടായി. ഇതനുസരിച്ച് സംസ്ഥാനത്തിന് പുറത്തു നിന്നും സാധനങ്ങൾ ഇറക്കുമതി ചെയ്യുന്നവരോ കേന്ദ്രവിൽപന നികുതി നിയമത്തിൻ കീഴിലുള്ള രജിസ്ട്രേഷനുള്ളവരോ സംസ്ഥാനത്ത് ചരക്കുകൾ കൊണ്ടുവരുമ്പോൾ മൊത്തം കരാർ തുകയുടെ 6 ശതമാനം കോമ്പൗണ്ടഡ് നികുതിയും കൂടാതെ രജിസ്ട്രേഷനില്ലാത്ത വ്യാപാരികളിൽ നിന്നും വാങ്ങുന്ന നിർമ്മാണ വസ്തുക്കൾക്ക് കേരള മൂല്യ വർദ്ധിത നികുതി നിയമത്തിലെ വകുപ്പ് 6(2) പ്രകാരമുള്ള വാങ്ങൽ നികുതിയും നൽകേണ്ടതാണെന്ന് നിഷ്കർഷിച്ചിരുന്നു. ഗവൺമെന്റ് കരാറുകാരുടെ നികുതി കോമ്പൗണ്ടഡ് 4 ശതമാനമായും മറ്റുള്ളവർക്ക് 3 ശതമാനമായും നിശ്ചയിച്ചിരുന്നു. ഇവർക്ക് യാതൊരുവിധ നികുതിയിളവുകളും ധനകാര്യ നിയമം 2014 പ്രകാരം നൽകിയിരുന്നില്ല. |
| (ബി) | ഈ വർഷം കൊണ്ടുവന്ന ഓർഡിനൻസ് വഴി കോൺട്രാക്ടർമാർക്ക് ലഭിക്കുന്ന നികുതി ഇളവുകൾ എന്തെല്ലാമാണ്; വിശദമാക്കാമോ; | (ബി & സി) | 2014 ലെ ധനകാര്യ നിയമത്തിൽ കൊണ്ടുവന്ന ഭേദഗതിയെത്തുടർന്ന് ഓരോ പ്രാവശ്യവും ബാദ്ധ്യതാ സർട്ടിഫിക്കറ്റ് വാങ്ങുന്നതിന് നികുതി നിർണ്ണയാധികാരി മുമ്പാകെ ഹാജരായി വാങ്ങൽ |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി നിലനിൽക്കേ കോൺട്രാക്ടർമാർക്ക് പ്രത്യേകമായി നികുതിയിളവുകൾ നൽകിക്കൊണ്ട് ഓർഡിനൻസ് പുറപ്പെടുവിക്കാനിടയായ സാഹചര്യം വിശദമാക്കാമോ? | | നികുതി കണക്കാക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടും മണ്ണ്, മണൽ, പാറ എന്നിവ വാങ്ങുമ്പോൾ ബില്ല് ലഭിക്കാത്തതു മൂലമുണ്ടാകുന്ന ബുദ്ധിമുട്ടും കോൺട്രാക്ടർമാർ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയുണ്ടായി. ഇതേത്തുടർന്ന് നികുതി വരുമാനത്തിൽ നഷ്ടമുണ്ടാകാത്ത വിധത്തിൽ കോമ്പൗണ്ടിംഗ് നിരക്കിൽ ഒരു ശതമാനം വീതം വർദ്ധനവ് വരുത്തുകയും വകുപ്പ് 6(2) പ്രകാരമുള്ള വാങ്ങൽ നികുതി നൽകണമെന്ന വ്യവസ്ഥ പിൻവലിക്കുകയും ചെയ്തുകൊണ്ട് കരാർ പണിക്കാരുടെ കോമ്പൗണ്ടിംഗ് ഘടനയിൽ പുന:ക്രമീകരണം നടത്തിക്കൊണ്ട് ഓർഡിനൻസ് പുറപ്പെടുവിച്ചു. ഇതനുസരിച്ച് 6 ശതമാനം നിരക്ക് 7% ആയും, 4 ശതമാനം എന്നത് 5 % ആയും 3 ശതമാനം എന്നത് 4 ശതമാനമായും വർദ്ധിപ്പിക്കുകയുണ്ടായി. ഇത് റവന്യൂ ന്യൂട്രൽ റേറ്റ് ആണെന്നാണ് കണക്കാക്കിയിരിക്കുന്നത്. വാങ്ങൽ നികുതി ഒഴിവാക്കിയതിനെ തുടർന്നുണ്ടാകാവുന്ന റവന്യൂ നഷ്ടം കോമ്പൗണ്ട് നികുതി 1% ഉയർത്തിയതിലൂടെ പരിഹരിക്കുമെന്ന തിനാൽ റവന്യൂ നഷ്ടം ഉണ്ടാകാൻ സാദ്ധ്യതയില്ല. |

സെക്ഷൻ ഓഫീസർ